(ബി) എക്സിക്യൂട്ടീവ് ഡയറക്ടീവ് 3/2002 പ്രകാരം DY.S.P. - PC- 01 SP- PCs- 02 DIG and above-PC/HC - 02 ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ കോപ്പി അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.†

(സി) 92 HC/PCs

(ഡി)& (ഇ) എക്സിക്യൂട്ടീവ് ഡയറക്ടീവ് 3/2002 പ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് സെക്യൂരിറ്റി ഗാർഡുമാരെ അനുവദിച്ചിട്ടുണ്ട്. അവർ ആരുടെ കൂടെയാണ് സേവനമനുഷ്ഠിക്കുന്നതെന്നും എന്നു മുതൽക്കാണ് നിയമനം ലഭിച്ച തെന്നുമുള്ള വിവരങ്ങൾ അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.†

കുട്ടനാട്ടിൽ എണ്ണപ്പനകൃഷി നശിപ്പിച്ചവർക്കെതിരെ നടപടി

167 [3134] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ കിടങ്ങറയിൽ എണ്ണപ്പനകൃഷി നശിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തിൽ ആർക്കെങ്കിലും എതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഈ സംഭവത്തിൽ എത്ര രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്;

(ഡി) നഷ്ടം സംഭവിച്ച കർഷകർക്ക് ഇതിന് ഉത്തരവാദികളായവരിൽനിന്നും നഷ്ടപരിഹാരം ഈടാക്കി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം ഉടമ പരാതി നൽകാത്തതിനാൽ കേസ് എടുത്തിട്ടില്ല.

(സി) ഉദ്ദേശം 15,000 രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്.

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

പോത്തൻകോട് കേന്ദ്രമാക്കി പോലീസ് സ്റ്റേഷൻ

168 [3135] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പോത്തൻകോട് കേന്ദ്രമാക്കി സ്ഥാപിക്കാനുദ്ദേശിക്കുന്ന പോലീസ് സ്റ്റേഷന് ആവശ്യമായ വകുപ്പ് തയ്യാറാക്കിയിട്ടുള്ള

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റിൽ എത്രാമതായിട്ടാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഈ ലിസ്റ്റിൽ ഏതുവരെ നമ്പരിലുള്ള പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞുവെന്ന് അറിയിക്കാമോ;

(ബി) ഈ പ്രദേശത്തെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പോത്തൻകോട് പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള മുൻഗണനാ ലിസ്റ്റിൽ പോത്തൻകോടിന് ആറാം സ്ഥാനമാണുള്ളത്. പ്രസ്തുത ലിസ്റ്റിലുള്ള ആര്യങ്കോട് എന്ന സ്ഥലത്തുമാത്രമേ പുതിയ പോലീസ് സ്റ്റേഷൻ അനുവദിച്ച് ഇതിനകം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളൂ.

(ബി) ഇതിനാവശ്യമായ ശുപാർശകൾ സമർപ്പിക്കുവാൻ തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കടയ്ക്കാവൂർ തുണ്ടുവിള വീട്ടിൽ പ്രദീപിന്റെ തിരോധാനത്തെക്കുറിച്ച് അന്വേഷണം

169 [3136] *ശ്രീ. സി. പി. മുഹമ്മദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടയ്ക്കാവൂർ തുണ്ടുവിള വീട്ടിൽ പ്രദീപിനെ ദുരൂഹസാഹചര്യത്തിൽ കുവൈറ്റിൽനിന്നും കാണാതായതുസംബന്ധിച്ച് ശ്രീമതി സുധ, ആർ., അങ്ങത്ത വീട്, വക്കം നോർക്ക വകുപ്പിന് പരാതി നൽകിയിരുന്നോ;

(ബി) പരാതിയിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രദീപിന്റെ കുവൈറ്റിലെ സ്പോൺസറായ അർദിയ എന്ന സ്ഥലത്തെ മൺസൂറിനെ കുവൈറ്റിലെ ഇന്ത്യൻ എംബസ്സി മുഖേന നേരിട്ട് ചോദ്യം ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സുധ നോർക്ക വകുപ്പിന് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ശ്രീ. പ്രദീപിന്റെ തിരോധാനം കഴിഞ്ഞ് ഒരു വർഷം പിന്നിട്ട അവസ്ഥയിൽ ഇതുസംബന്ധിച്ച് ഫലപ്രദമായി നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) & (ബി) കുവൈറ്റിൽനിന്നും ദുരൂഹസാഹചര്യത്തിൽ കാണാതായ ശ്രീ. പ്രദീപിനെ കണ്ടുപിടിക്കണമെന്നാവശ്യപ്പെട്ട് മാതാവ് ശ്രീമതി സുലോചന, ഭാര്യ ശ്രീമതി സുധ എന്നിവർ നോർക്ക വകുപ്പിന് പരാതികൾ നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly